File No.IGR/625/2019-RR9

# രജിസ്ട്രേഷൻ വകുപ്പ്

രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ ഓഫീസ്, വഞ്ചിയൂർ, തിരുവനന്തപുരം-35

No. IGR/625/2018-RR9 തീയതി: 28/06/2019

## സർക്കുലർ

വിഷയം -: രജിസ്ട്രേഷൻ വകുപ്പ് - കുടുംബാംഗങ്ങൾ തമ്മിൽ വസ്തു കൈമാറ്റം ചെയ്യുന്ന ആധാരങ്ങൾ രജിസ്റ്റർ ചെയ്യുമ്പോൾ അവർ തമ്മിലുള്ള ബന്ധം ഉറപ്പ് വരുത്തുന്നത് - സംബന്ധിച്ച്.

പരാമർശം -: സർക്കാരിൽ നിന്നുള്ള 07.01.2019-ലെ ഇ 1/216/2018/നി.വ. നമ്പർ കത്ത്.

കുടുംബാംഗങ്ങൾ തമ്മിലുള്ള ദാനം, ഭാഗപത്രം, ഒഴിവുകറി, ധനനിശ്ചയം എന്നീ ആധാരങ്ങൾക്ക് സർക്കാർ മുദ്രവിലയിൽ ഇളവ് അനുവദിച്ചിട്ടുണ്ട്. എന്നാൽ 1959-ലെ കേരള മുദ്രപത്ര നിയമത്തിൽ നിർവചിച്ചിട്ടുള്ള കുടുംബത്തിൽ ഉൾപ്പെടാത്തവരും തങ്ങൾ കുടുബാംഗങ്ങൾ ആണെന്ന വ്യാജപ്രസ്താവന നടത്തി കുറഞ്ഞ മുദ്രവിലയിൽ ആധാരം രജിസ്റ്റർ ചെയ്യുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ട് . ആയതിനാൽ ഇത്തരത്തിലുള്ള നികുതി വെട്ടിപ്പ് തടയുന്നതിന് എല്ലാ രജിസ്റ്ററിംഗ് ഉദ്യോഗസ്ഥരും ജാഗ്രത പാലിക്കേണ്ടതും താഴെ നൽകിയിരിക്കുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതുമാണ്.

1. കുടുംബാംഗങ്ങൾ തമ്മിലുള്ള ദാനം, ഭാഗപത്രം, ഒഴിവുകറി, ധനനിശ്ചയം എന്നീ ആധാരങ്ങൾ രജിസ്ട്രേഷന് ഹാജരാക്കുമ്പോൾ ആധാരകക്ഷികൾ തമ്മിൽ മുദ്രവില ഇളവിന് അർഹതയുള്ള ബന്ധം ഉണ്ടോ എന്ന് സാധ്യമായ രീതിയിൽ അന്വേഷണം രജിസ്റ്ററിംഗ് ഉദ്യോഗസ്ഥൻ നടത്തി ബോധ്യപ്പെടേണ്ടതാണ്.
2. ആധാരകക്ഷികളുടെ തിരിച്ചറിയൽ രേഖയിലെ വിലാസം മാതാപിതാക്കളുടെ പേര് എന്നിവ പരിശോധിക്കാവുന്നതാണ്. റേഷൻ കാർഡ് ഉൾപ്പെടെയുള്ള രേഖകളും പരിശോധിക്കാവുന്നതാണ്.
3. ആധാരകക്ഷികൾ കുടുംബാഗങ്ങൾ അല്ല എന്ന് രജിസ്റ്ററിംഗ് ഉദ്യോഗസ്ഥർക്ക് മറ്റുവിധത്തിൽ ബോധ്യപ്പെടാത്ത പക്ഷം വില്ലേജ് ഓഫീസിൽ നിന്നുള്ള ഫാമിലി മെമ്പർഷിപ്പ് സർട്ടിഫിക്കറ്റ് ഹാജരാക്കുവാൻ ആവശ്യപ്പെടാവുന്നതാണ്.
4. ഇക്കാര്യത്തിൽ പൊതുജനങ്ങളെ അനാവശ്യമായി ബുദ്ധിമുട്ടിക്കുന്ന രജിസ്റ്ററിംഗ് ഉദ്യോഗസ്ഥരുടെ നടപടി ഗൗരവമായി വീക്ഷിക്കുന്നതാണ്.

**രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ**

1. നികുതി (ഇ) വകുപ്പ് (ആമുഖ കത്ത് സഹിതം)
2. രജിസ്ട്രേഷൻ ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽമാർ
3. ജില്ലാ രജിസ്ട്രാർമാർ.
4. എല്ലാ സബ് രജിസ്ട്രാർമാർക്കും (ജില്ലാ രജിസ്ട്രാർമാർ മുഖേന)
5. **ഐ.ടി.സെക്ഷൻ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)**
6. ഫയൽ/സ്റ്റോക്ക് ഫയൽ.